പതിമൂന്നാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 651** — 30-07-2015 ൽ മറുപടിക്ക്

## പൊതുമേഖലയിൽ മുൻ സർക്കാർ ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.എം.എ.ബേബി**<br>**ശ്രീ.കെ.കെ.ജയചന്ദ്രൻ**<br>**ശ്രീ.ബാബു എം. പാലിശ്ശേരി**<br>**ശ്രീ.വി.ചെന്താമരാക്ഷൻ** | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമേഖലയിൽ പുതുതായി ആരംഭിച്ച ഒൻപത് വ്യവസായ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ ; | (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിക്കപ്പെട്ട ഒൻപത് പൊതുമേഖലാ യൂണിറ്റുകളിൽ 6 സ്ഥാപനങ്ങളിലാണ് വ്യവസായികാടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിച്ചത്. പ്രസ്തുത സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിവരം അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.<br><br>ആലപ്പുഴയിലെകോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കണ്ണൂർ പിണറായിയിലെ ഹൈടെക് വീവിംഗ് മിൽ, കാസറഗോഡ് ഉദുമ ടെക്സ്റ്റയിൽ മിൽ, എന്നീ മൂന്നു സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം വാണിജ്യാടിസ്ഥാനത്തിൽ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതി തുടങ്ങുന്നതിനാവശ്യമായ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അനുമതി, വൈദ്യുതി കണക്ഷന്റെ ലഭ്യത മുതലായവയിലെ സാങ്കേതികതകൾ, പൂർണ്ണതോതിൽ ഉൽപാദനപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള . ചില യന്ത്രസാമഗ്രികളുടെ അപര്യാപ്തത എന്നിവയാണ് പ്രധാനമായും ഈ മൂന്നു പദ്ധതികളിലും വ്യാവസായിക ഉൽപ്പാദനം ആരംഭിക്കുന്നതിനുണ്ടായ കാലതാമസം. ഈ മൂന്നു യൂണിറ്റുകളിലേക്കാവശ്യമായ തൊഴിലാളികളെയും ജീവനക്കാരെയും നിയമിക്കുന്നതിനുള്ള നിയമന പ്രക്രിയയുടെ നിയമസാധുത ചോദ്യം ചെയ്തു കൊണ്ടു സമർപ്പിച്ച കേസുകളും ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ബി) | ഈ ഒൻപത് സ്ഥാപനങ്ങളുടെ അഭിവൃദ്ധിക്കായി ഈ സർക്കാർ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കാമോ ; | (ബി) | പ്രസ്തുത സ്ഥാപനങ്ങളുടെ അഭിവൃദ്ധിക്കായും സ്ഥാപിത ലക്ഷ്യം പ്രാപ്തമാക്കുന്നതിനും വേണ്ടി സ്വീകരിച്ചുവരുന്ന തുടർ നടപടികൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത വ്യവസായ സ്ഥാപനങ്ങളുടെ സ്ഥാപിതലക്ഷ്യം പ്രാപ്തമാക്കുന്നതിന് എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ? | (സി) | |

സെക്ഷൻ ഓഫീസർ

അനുബന്ധം - ഒന്ന്

1. **Tool room cum Training Centre, Kozhikode - Kerala SIDCO** – ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സ്ഥാപനത്തിൻെറ ബിസിനസ്സ് ശക്തിപ്പെടുത്തുന്നതിനായി ഐ.എസ്.ആർ.ഒ. യുമായി ഒരു റേറ്റ് കോൺട്രാക്റ്റ് സിഡ്കോ ഒപ്പുവച്ചിരുന്നു. കൂടാതെ ബ്രഹ്മോസുമായി ഒരു MoU ഒപ്പുവച്ചിട്ടുണ്ട്. സ്വകാര്യ ബിസിനസ്സ് സ്ഥാപനങ്ങളുടെ സേവനത്തിലൂടെയും ഈ യൂണിറ്റ് വരുമാനം നേടുന്നുണ്ട്. 2011-12 ൽ 0.5 ലക്ഷം രൂപയായിരുന്ന ഈ യൂണിറ്റിൻെറ വിറ്റുവരവ് 2014-15 ൽ 214.57 ലക്ഷം രൂപയായി വർദ്ധിക്കുകയും 20 ലക്ഷം രൂപ ലാഭം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

2. **Tool room cum Training Centre, Kuttippuram – KSEDC** - കെൽട്രോൺ ടൂൾ റൂം കം ട്രെയിനിംഗ് സെൻറർ കുറ്റിപ്പുറത്ത് വ്യാവസായികാടിസ്ഥാനത്തിലുള്ള പ്രവർത്തനം തുടങ്ങിയത് 2012 സെപ്റ്റംബർ മുതലാണ്. എൻ.ടി.ടി.എഫുമായി ചേർന്ന് ഉന്നത നിലവാരമുള്ള സാങ്കേതിക കോഴ്സുകളും അവയുടെ പരിശീലനവും ഒപ്പം നിർമ്മാണവും നടത്തി വരുന്നു. ആദ്യ ടൂൾ ആൻറ് ഡൈ മേക്കിംഗ് ബാച്ചിലെ വിദ്യാർത്ഥികൾക്ക് മികച്ച പ്ലേസ്മെൻറിനുള്ള അവസരവും ലഭ്യമായിട്ടുണ്ട്. ഈ സെൻററിൻെറ വിറ്റുവരവിൽ വർദ്ധനവുണ്ടാവുകയും 2014-15 ൽ 52.08 ലക്ഷം രൂപ ലാഭം നേടുകയും ചെയ്തിട്ടുണ്ട്.

3. **House Wiring cable Unit, Kannur – TRACO** – 2012 ആഗസ്റ്റിലാണ് ഈ യൂണിറ്റിൽ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ചത്. ഈ യൂണിറ്റിൻെറ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 2012-13 ൽ 2 കോടി രൂപയും 2013-14 ൽ 3.15 കോടി രൂപയും പ്രവർത്തന മൂലധനമായി സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 662.27 ലക്ഷം രൂപയുടെ വിറ്റുവരവ് നേടിയിട്ടുണ്ട്.

4. **Machining Unit, Shornur – SIFL** - ഈ യൂണിറ്റിൽ പൂർണ്ണതോതിലുള്ള വ്യാവസായിക ഉൽപ്പാദനം 2012-13 സാമ്പത്തികവർഷത്തിൻെറ അവസാനഘട്ടത്തിലാണ് ആരംഭിച്ചത്. ലക്ഷ്യമിട്ട പ്രവർത്തനനേട്ടം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം 112.12 ലക്ഷം രൂപയുടെ വിറ്റുവരവ് നേടിയിട്ടുണ്ട്.

5. **Hi-Tech Bamboo Tile Factory, Kozhikode – KSBC** – 2011 ഫെബ്രുവരിയിൽ പ്രവർത്തനം ആരംഭിച്ച ഈ യൂണിറ്റിന് ഉദ്ദേശിച്ച രീതിയിൽ ഉൽപ്പാദനം നടത്താനും വിപണി കണ്ടെത്താനും വിപണന ശൃംഖല ശക്തിപ്പെടുത്താനും കഴിഞ്ഞിട്ടില്ല. ബാംബൂ കോർപ്പറേഷനോടൊപ്പം ഈ യൂണിറ്റിൻെറ പ്രവർത്തനവും വിലയിരുത്തി സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള ആവശ്യമായ സഹായങ്ങൾ സർക്കാർ നൽകുന്നുണ്ട്.

6. **Container Freight Station, Ernakulam – KSIE** – 2013 മെയ് മാസത്തിൽ വ്യാവസായിക പ്രവർത്തനം ആരംഭിച്ചു. 2013-14 സാമ്പത്തികവർഷം 216.58 ലക്ഷം രൂപയുടെയും 2014-15 ൽ 231.31 ലക്ഷം രൂപയുടെയും വിറ്റുവരവ് നേടുകയും ചെയ്തു.

സെക്ഷൻ ഓഫീസർ

## അനുബന്ധം - രണ്ട്

**Tool room cum Training Centre, Kozhikode - Kerala SIDCO** ൽ വിവിധ സ്ഥാപനങ്ങളുടെ നിർമ്മാണത്തോടൊപ്പം പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നായ ട്രെയിനിംഗുകളും നടത്തിവരുന്നു. എസ്.എസ്.എൽ.സി യോഗ്യതയുള്ളവർക്കായി മെഷിനിസ്റ്റ് കോഴ്സും, എഞ്ചിനീയറിംഗ് ഡിപ്ലോമ/ഡിഗ്രി യോഗ്യതയുള്ളവർക്കായുള്ള പോസ്റ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ എയ്ഡഡ് ടൂൾ ഡിസൈനിംഗ് ആൻറ് മാനുഫാക്ചറിംഗ് കോഴ്സും ഇപ്പോൾ നടത്തി വരുന്നു. പന്ത്രണ്ടാം ക്ലാസ്സ് യോഗ്യതയുള്ളവർക്കായി പുതിയ കോഴ്സുകൾ ഭാവിയിൽ ആരംഭിക്കുന്നതാണ്.

**Tool room cum Training Centre, Kuttippuram – KSEDC** - കുറഞ്ഞ ചെലവിൽ ഗുണനിലവാരമുള്ള സാങ്കേതിക കോഴ്സുകളും അതുമായി ബന്ധപ്പെട്ട തൊഴിൽ പരിശീലനവും നടത്തുക എന്ന സ്ഥാപിത ലക്ഷ്യം പ്രാവർത്തികമാക്കുന്നതോടൊപ്പം തന്നെ കെൽട്രോണിൻെറ വിവിധ പദ്ധതികൾക്ക് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളും ഇവിടെ നടക്കുന്നുണ്ട്.

**House Wiring cable Unit, Kannur – TRACO** ൻെറ ഉൽപ്പന്ന വിപണനം വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ ജീവനക്കാരെ വിപണന മേഖലയിൽ വിന്യസിക്കുകയും കേരളത്തിൻെറ വിവിധ ജില്ലകളിൽ ഡീലർമാരെ നിയോഗിക്കുകയും പത്ര ടെലിവിഷൻ മാദ്ധ്യമങ്ങളിലൂടെ കമ്പനിയുടെ ഉൽപ്പന്നത്തെ സംബന്ധിച്ച പരസ്യം നൽകുകയും ചെയ്തു. ഇതു വഴി വിപണനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതു കൂടാതെ കേരള പോലീസ് കാൻറീൻെറ 14 ജില്ലകളിലെ ഔട്ട് ലെറ്റുകൾ വഴിയും ബിൽഡിംഗ് വയറിംഗ് കേബിളുകൾ നൽകുന്നുണ്ട്. വൈദ്യുതി ബോർഡിൻെറ 25 സർക്കിൾ ഓഫീസുകൾ വഴി കേബിളുകൾ വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവഴി വിറ്റുവരവും ലാഭവും വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**Machining Unit, Shornur – SIFL** ൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വൈദഗ്ദ്ധ്യമുള്ള ഓപ്പറേറ്റർമാരെ ലഭ്യമാക്കുന്നതിനും വേണ്ടി ഒരു സി.എൻ.സി. മെഷീനിംഗ് ട്രെയിനിംഗ് സെൻറർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതു കൂടാതെ യൂണിറ്റിൽ സ്ഥാപിച്ച മെഷീനുകൾക്ക് അനുയോജ്യമായ വലിയ ജോബുകൾ മെഷീനിംഗ് ചെയ്യുന്നതിനും കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**Hi-Tech Bamboo Tile Factory, Kozhikode – KSBC** യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി നല്ലളം ഫാക്ടറിക്കു കീഴിലുള്ള മൂന്ന് ഫീഡർ യൂണിറ്റുകളിലെയും നല്ലളം ഫാക്ടറിയിലെയും മെഷീനുകളുടെ പുന:ക്രമീകരണം നടത്തി ഉൽപ്പാദനം ശാസ്ത്രീയമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഉൽപ്പന്നങ്ങൾക്ക് ആവശ്യമായ വിപണി കണ്ടെത്താനായി പുതിയ പരസ്യ വിപണന തന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ സാമ്പത്തിക സഹായവും ഇതിനായി നൽകിയിട്ടുണ്ട്.

**Container Freight Station, Ernakulam – KSIE** കൂടുതൽ കണ്ടെയ്നർ കൈകാര്യം ചെയ്ത് പ്രവർത്തനം മെച്ചപ്പെടുത്തി പ്രവർത്തനലാഭം നേടുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരികയാണ്.

**കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള ആലപ്പുഴ ജില്ലയിലെ കോമളപുരം സ്പിന്നിംഗ് ആൻറ് വീവിംഗ്** മില്ലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ പ്രവർത്തനമൂലധനമായി 596.04 ലക്ഷം രൂപ ഇതിനകം തന്നെ അനുവദിച്ചിട്ടുണ്ട്.

**കണ്ണൂർ ജില്ലയിലെ പിണറായിയിലെ ഹൈടെക് വീവിംഗ് മിൽ, കാസർഗോഡ് ജില്ലയിലെ ഉദുമ ടെക്സ്റ്റൈൽ മിൽ** യൂണിറ്റുകളിൽ പ്രവർത്തനം ആരംഭിക്കുന്നതിനായി ഈ പദ്ധതികളുടെ പുതുക്കിയ അടങ്കൽ തുകക്കുള്ള ഭരണാനുമതി, യന്ത്രസാമഗ്രികൾ വാങ്ങി സ്ഥാപിക്കൽ, വൈദ്യുതി ബന്ധം സ്ഥാപിക്കൽ, പദ്ധതിക്കാവശ്യമായ അധിക ഭൂമി, നിയമനങ്ങളുടെ പൂർത്തീകരണം എന്നിവ സാദ്ധ്യമാക്കേണ്ടതാണ്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ